## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 607 — 19.03.2013-ൽ മറുപടിയ്ക്ക്

### കോഴിയുടെ പ്രവേശന നികുതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എളമരം കരീം | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കോഴിയുടെ പ്രവേശന നികുതി ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം ലഭിച്ച തുക സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ ; | (എ) | പ്രവേശന നികുതി ഇപ്പോൾ നിലവിൽ ഇല്ല. അന്യസംസ്ഥാനത്തിൽ നിന്നും കേരളത്തിലേക്ക് വില്പനയ്ക്കായി കൊണ്ടുവരുന്ന കോഴിക്ക് മുൻകൂർ നികുതിയാണ് ഈടാക്കുന്നത്. എന്നാൽ കോഴിയുടെ നികുതിയിനത്തിൽ കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും ഈ ഇനത്തിൽ പ്രതീക്ഷിച്ച നികുതിയും ലഭിച്ച നികുതിയും എത്ര കോടി വീതമായിരുന്നു ; | (ബി) | കോഴിയുടെ നികുതിയിനത്തിൽ പ്രത്യേകമായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. എന്നാൽ കോഴിയുടെ നികുതി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും ലഭിച്ച നികുതി ചുവടെ ചേർക്കുന്നു. |

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2007-08 | 68.30 |
| 2008-09 | 99.62 |
| 2009-10 | 114.25 |
| 2010-11 | 121.16 |
| 2011-12 | 93.06 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>വർഷം</td><td>ലഭിച്ച തുക<br>(കോടിയിൽ)</td></tr>
<tr><td>2011-12</td><td>93.06</td></tr>
<tr><td>2012-13<br>(28.02.2013 വരെ)</td><td>105.00</td></tr>
</table>
</td></tr>
<tr><td>(സി)</td><td>കോഴിയുടെ പ്രവേശന നികുതി ഈടാക്കാനുള്ള എത്ര കേസുകളിൽ സ്റ്റേ നൽകുകയുണ്ടായി ; എത്ര കേസുകളിൽ നികുതി ഈടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി ; വിശമാക്കാമോ ?</td><td>(സി)</td><td>പ്രവേശന നികുതി ഈടാക്കേണ്ട എന്ന കാര്യത്തിൽ ഉത്തരവൊന്നും തന്നെ നൽകിയിട്ടില്ല. കേരളത്തിലെ ഒരു രജിസ്റ്റേർഡ് വ്യാപാരി അന്യസംസ്ഥാനത്ത് നിന്ന് കോഴി കൊണ്ടുവരുമ്പോൾ ചെക്ക്പോസ്റ്റിൽ അടയ്ക്കേണ്ട നികുതിയാണ് അഡ്വാൻസ് നികുതി. അതിൽ നിന്നും ആർക്കും തന്നെ relaxation നൽകി ഉത്തരവൊന്നുംതന്നെ പുറപ്പെടുവി-ച്ചിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ